# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 63 — 13.06.2012-ൽ മറുപടിക്ക്

## മെഡിക്കൽ പ്രവേശനത്തിൽ ഇന്റർ ചർച്ച് കൗൺസിലുമായുണ്ടാക്കിയ കരാർ

**ചോദ്യം**

ശ്രീ. എം. എ. ബേബി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) മെഡിക്കൽ പ്രവേശനത്തിൽ ഇന്റർ ചർച്ച് കൗൺസിലുമായുണ്ടാക്കിയ കരാറിന്റെ വിശദാംശം വെളിപ്പെടുത്താമോ ; | (എ) ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ മെഡിക്കൽ പ്രവേശനം സംബന്ധിച്ച് 23.5.2012-ന് ആരോഗ്യ കുടുംക്ഷേമ വകുപ്പ് ജോയിന്റ് സെക്രട്ടറിയും ഇന്റർ ചർച്ച് കൗൺസിലിന്റെ പ്രതിനിധിയുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. പ്രസ്തുത കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) കഴിഞ്ഞ വർഷത്തെ നിലപാടിൽ നിന്ന് പ്രസ്തുത മാനേജ്മെന്റുകൾ എന്തു മാറ്റമാണ് വരുത്തിയതെന്നറിയിക്കുമോ ; | (ബി) കഴിഞ്ഞ വർഷം പ്രസ്തുത മാനേജ് മെന്റുകളുമായി സർക്കാർ കരാറിലേർപ്പെട്ടിട്ടില്ല. |

(സി) സർക്കാരിന്റെ ഏതൊക്കെ ഉപാധികളാണ് അവർ അംഗീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

(സി) ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ മൊത്തം സീറ്റിന്റെ 50% ത്തിൽ സർക്കാർ മെരിറ്റിൽ നിന്നുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനും പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിലേക്കായി ഒരു സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുന്നതിനായി കൗൺസിലിന്റെ കീഴിലുള്ള മെഡിക്കൽ, ദന്തൽ കോളേജുകൾ യഥാക്രമം 40 ലക്ഷം രൂപ, 14 ലക്ഷം രൂപ എന്നീ നിരക്കിൽ നൽകണമെന്നും കരാറിൽ വ്യവസ്ഥ ഉണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.